GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

---

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/10/2026

1. മാറാനല്ലൂർ കൃഷിഭവൻ കേരഗ്രാമം പദ്ധതി പ്രകാരം തെങ്ങിന് മരുന്ന് തളിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു.കേരഗ്രാമം പദ്ധതിപ്രകാരം ഇതിനകം അപേക്ഷ തന്നിട്ടുള്ളവർക്ക് മാത്രമേ അപേക്ഷ സമർപ്പിക്കാൻ സാധിക്കു. ഒരു തെങ്ങിന് 60 രൂപ വെച്ച് ഗുണഭോക്തൃ വിഹിതം അടയ്ക്കണം.

2. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **“സമ്പന്ന മാലിന്യം”** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ കോഴ്സിന്റെ പുതിയ ബാച്ച് **ഒക്ടോബർ** 13 ന് ആരംഭിക്കും. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. ഒക്ടോബർ 23 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഇതിനായി കമ്പ്യൂട്ടറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **ഒക്ടോബർ** 13 മുതൽ യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 0487-2438565, 8547837256എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. നാളികേര വികസന ബോർഡ് ഏർപ്പെടുത്തിയ ദേശീയ നാളികേര പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. മികച്ച കർഷകർ, മികച്ച ശാസ്ത്രജ്ഞർ/ഗവേഷകർ, മികച്ച സംരംഭകർ എന്നിവർക്കാണ് പുരസ്കാരം നൽകുന്നത്. നവംബർ മാസത്തിൽ നടക്കുന്ന അന്താരാഷ്ട്ര നാളികേര

സമ്മേളനത്തിൽ പുരസ്കാരങ്ങൾ സമ്മാനിക്കും. **അപേക്ഷകൾ ഒക്ടോബർ 15നകം സമർപ്പിക്കണം.**

വിശദവിവരങ്ങൾക്ക് നാളികേര വികസന ബോർഡിന്റെ വെബ് സൈറ്റ് സന്ദർശിക്കാം: **coconutboard.gov.in., ഫോൺ:** 0484 2376265, 2377266, 2377267.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നാളെ ഒക്ടോബര് 12ന് **'കോഴി, താറാവ്, കാട എന്നിവയുടെ ശാസ്ത്രീയ പരിപാലനം'** എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 500/- രൂപ. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ **9400483754** എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒക്ടോബർ 14 മുതൽ 16 വരെ **'സൂക്ഷ്മ ജലസേചനവും ലാൻഡ് സ്കേപ്പിങ്ങും'** എന്ന വിഷയത്തിൽ ത്രിദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 1500/- രൂപ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ നാളെ ഒക്ടോബർ 12 ന് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **9400483754** എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.